പ്രവാസി മലയാളി ക്ഷേമത്തിനായി ഓഫീസുകൾ

36 (2965)ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ മലയാളികളുടെ ക്ഷേമ കാര്യങ്ങൾക്കായി രൂപീകരിച്ചിട്ടുള്ള വകുപ്പിന്റെ കീഴിൽ ഏതെങ്കിലും രാജ്യങ്ങളിൽ ഓഫീസുകൾ തുറന്നിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇവ ആരംഭിക്കാൻ ആലോചിക്കുന്നുണ്ടോ;

(സി) എങ്കിൽ ഏതെല്ലാം രാജ്യങ്ങളിൽ എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ആലോചനയിൽ ഇല്ല.

(സി ഉദിക്കുന്നില്ല.

പ്രവാസി കാര്യ വകുപ്പിന്റെ പ്രവർത്തനം

37 (2966)ശ്രീ. കെ.ടി. കുഞ്ഞഹമ്മദ്:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. എം. ദാസൻ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. ടി.കെ. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മതിയായ രേഖകളില്ലാതെ വ്യാജമായ വാഗ്ദാനങ്ങളിൽ കുടുങ്ങി മറ്റ് രാജ്യങ്ങളിൽ കഷ്ടപ്പെടുന്ന വിദേശമലയാളികളെ നാട്ടിൽ എത്തിക്കുന്നതിന് പ്രവാസി വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനകം ഈ വകുപ്പിന് വിദേശ രാജ്യങ്ങളിൽ ഉണ്ടായിരുന്ന എത്ര മലയാളികളെ നാട്ടിൽ എത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മതിയായ രേഖകളില്ലാതെ യു.എ.ഇ., സൗദി അറേബ്യ എന്നീ രാജ്യങ്ങളിൽ തൊഴിലെടുത്തുവന്ന വിദേശികൾക്ക് പൊതുമാപ്പ് പ്രഖ്യാപിച്ചതിനെത്തുടർന്ന് അവിടെ നിന്ന് തിരിച്ചുപോരാൻ 40000-ൽ അധികം കേരളീയർക്ക് യാത്രാ സൗകര്യം ഏർപ്പെടുത്താൻ സഹായിക്കുകയുണ്ടായി.

ഇവരിൽ സൗദി അറേബ്യയിൽ നിന്നും തിരിച്ചെത്തിയ 5000-ത്തോളം പേർക്ക് മുംബൈയിൽ താമസ സൗകര്യം, ഭക്ഷണം എന്നിവ ഏർപ്പെടുത്തുകയും നാട്ടിലേക്ക് സൗജന്യമായി ഒരു സ്പെഷ്യൽ ട്രെയിൻ ഓടിക്കുകയും ചെയ്തു. കൊറിയൻ മത്സ്യബന്ധന കപ്പലിൽ ജോലിക്കു പോയ 119 പേർ, മലേഷ്യയിൽ നിന്ന് 15 പേർ, ഇറാഖ് ജയിലിൽ നിന്ന് 2 പേർ, കുവൈറ്റ് ഇൻഡ്യൻ എംബസിയിൽ അഭയം തേടിയ 182 നഴ്സിംഗ് അസിസ്റ്റന്റുമാർ എന്നിവരെ ബന്ധപ്പെട്ട ഇൻഡ്യൻ എംബസികൾ മുഖേന നാട്ടിലെത്തിക്കുന്നതിനും വകുപ്പിന് കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly